**പതിമൂന്നാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**

**ചോദ്യം നമ്പർ : 3700** 15.07.2015-ലെ മറുപടിയ്ക്ക്

**ആലപ്പുഴ ടൂറിസം സർക്യൂട്ട് പദ്ധതി**

**ചോദ്യം**

**ശ്രീ.തോമസ് ചാണ്ടി**

**ഉത്തരം**

**ശ്രീ.എ.പി.അനിൽ കുമാർ**
**(പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)**

(എ) ആലപ്പുഴ ടൂറിസം സർക്യൂട്ട് പദ്ധതി പ്രകാരം നടപ്പിലാക്കുന്ന പ്രവൃത്തികളിൽ ഏതെല്ലാം നിർമ്മാണം പൂർത്തീകരിച്ചു വെന്നും ഏതെല്ലാം ഇനി പൂർത്തീകരിക്കാനുണ്ടെന്നുമുള്ള വിശദ മായ റിപ്പോർട്ട് ലഭ്യമാക്കാമോ?

(എ) ആലപ്പുഴ മെഗാ സർക്യൂട്ട് പദ്ധതിയിൽ ഉൾപ്പെട്ട വിജയാ പാർക്ക് നവീകരണം അർത്തുങ്കൽ ബീച്ച് നവീകരണം എന്നിവ പൂർത്തിയാക്കിയിട്ടുണ്ട്. ഈ പദ്ധതിയിൽ ഉൾപ്പെട്ട മറ്റ് പ്രവൃത്തികളായ അരൂകുറ്റി, തണ്ണീർമുക്കം, പള്ളാത്തുരുത്തി, നെടുമുടി, കഞ്ഞിപ്പാലം, തോട്ടപ്പള്ളി, കായംകുളം എന്നിവിടങ്ങളിൽ ഹൗസ് ബോട്ട് ടെർമിനൽ, വട്ടക്കായൽ പടിഞ്ഞാറ്, കരുമാടി വിളക്കുമരം എന്നിവിടങ്ങളിൽ നൈറ്റ് ഹാൾട്ട് ടെർമിനൽ, വയ്യാങ്കര ചിറ, പാണ്ടി, തഴപ്പ്, കതിരവട്ടംചിറ എന്നിവിടങ്ങളിൽ മൈക്രോ ഡെസ്റ്റി നേഷൻ, തോട്ടപ്പള്ളി ബീച്ച് വികസനം, വയലാർ ഏറ്റുപുരയ്ക്കൽ, അന്ധകാരനാഴി, കാക്കത്തുരുത്ത്, കൈനകരി എന്നിവിട ങ്ങളിൽ ഫാം റൂറൽ ടൂറിസം ഫിനിഷിംഗ് പോയിന്റിൽ ടെർമിനൽ കോംപ്ലക്സ്. വാടായി, വാണിജ്യ കനാൽ എന്നിവയുടെ

മെച്ചപ്പെടുത്തൽ, ആലപ്പുഴ പൈതൃക കെട്ടിടങ്ങൾ, തെരുവുകൾ എന്നിവയുടെ വികസനം, സീ വ്യൂ പാർക്ക് വികസനം, സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിക്കൽ മുതലായവ പൂർത്തീകരിക്കുവാൻ ഉണ്ട്.

സെക്ഷൻ ഓഫീസർ